**ഭരണഭാഷ-മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം-695033

ഫോൺ/ഫാക്സ്: 0471-2305318/0471-2305317

ഇ-മെയിൽ: ecostatdir@gmail.com

Website: www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി**

**(ഹാജർ: നിപുൺ ജോസഫ്)**

വിഷയം:- ഡി.ഇ.എസ്– ജീവനക്കാര്യം –ഓഫീസ് അറ്റൻഡന്റ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് /ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-

1. 20/02/2009 ലെ ജി.ഒ (പി) നമ്പർ 9/2009/പിഎൽജി നമ്പർ സർക്കാർ ഉത്തരവ്
2. 10/02/2021 ലെ ജി.ഒ (പി) 27/2021/ഫിൻനമ്പർ സർക്കാർ ഉത്തരവ്
3. ഗ്രഡേഷൻ സെല്ലിന്റെ 11/11/2022 ലെ ഡിഇഎസ്/4860/2021/ജിആർസി നമ്പർ സീനിയോരിറ്റി ലിസ്റ്റ്
4. പാലക്കാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 15/12/2023 ലെ ഇ1/5163/2023/ഡിഇഎസ്പി നമ്പർ കത്ത്
5. വയനാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 06/03/2024 ലെ ഇ(1) 494/2024/ഡിഇഎസ്ഡബ്ല്യു നമ്പർ കത്ത്
6. ഇടുക്കി ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 14/05/2024-ലെ ഇഎസ്ഐഡികെ/946/2024-എ2 നമ്പർ കത്ത്
7. ഇടുക്കി ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 12/06/2024-ഇഎസ്ഐഡികെ/1019/2024-എ2 നമ്പർ കത്ത്

**ഉത്തരവ് നം: ഡിഇഎസ്/3976/2022/ഇഎ3; തീയതി: 14-08-2024**

കേരള സ്റ്റാറ്റിസ്റ്റിക്കൽ ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ബി.എ(ഇക്കണോമിക്സ്) /ബി.എസ്.സി(മാത്ത്സ്/ സ്റ്റാറ്റിസ്റ്റിക്സ്)/ ബി.കോം [വിത്ത് സ്റ്റാറ്റിസ്റ്റിക്സ്/ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സ്] ബി.എസ്.സിഅപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് യോഗ്യത ഉള്ളവരും മൂന്നു വർഷ സേവനം പൂർത്തിയായിട്ടുള്ളതുമായ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് 10:1 എന്ന അനുപാതത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി തസ്തികമാറ്റം നിയമനം പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പരാമർശം (3) സീനിയോരിറ്റി ലിസ്റ്റ് പ്രകാരവും, ടി ലിസ്റ്റ് നിലവിൽ വന്നതിന് ശേഷവും നിർദ്ദിഷ്ട യോഗ്യത നേടിയതുമായ താഴെ പറയുന്ന ഓഫീസ് അറ്റൻഡന്റ്മാർക്ക്

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേയക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

| ക്രമ നം | പേര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം | നിലവിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | ശ്രീമതി. സുമതി കെ | 52 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, പാലക്കാട് |
| 2 | ശ്രീമതി. അഞ്ജലി എസ് | 53 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, തൊടുപുഴ |

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ ചുവടെ ചേർത്ത പ്രകാരം നിയമനം നൽകണമെന്ന് പ്രസ്തുത ജീവനക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | തിരഞ്ഞെടുത്ത ജില്ല |
|---|---|---|
| 1 | ശ്രീമതി. സുമതി കെ | പാലക്കാട് |
| 2 | ശ്രീമതി. അഞ്ജലി എസ് | ഇടുക്കി |

തസ്തികമാറ്റം വഴിയുള്ള ഉദ്യോഗക്കയറ്റത്തിനായി ഒഴിവ് നിലവിലുള്ള വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ മേൽ പരാമർശിച്ച ഓഫീസ് അറ്റൻഡന്റുമാർക്ക് 31100-66800 രൂപ ശമ്പള സ്കെയിലിൽ തസ്തികമാറ്റ നിയമനം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി നിയമനം നൽകിയും ഭരണസൗകര്യാർത്ഥവും, അപേക്ഷ പ്രകാരവും അവരവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള ഓഫീസിൽ നിയമിച്ചും ഉത്തരവാകുന്നു.

| ക്രമ നം | പേര് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി നിയമിച്ച ഓഫീസ് |
|---|---|---|
| 1 | ശ്രീമതി. സുമതി കെ | സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, വയനാട് |
| 2 | ശ്രീമതി. അഞ്ജലി എസ് | സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, ഇടുക്കി |

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് പാലക്കാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. സുമതി കെ -യ്ക്ക് പാലക്കാട് ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ന്റെ തസ്തികമാറ്റ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ടി ജില്ലയിൽ സ്ഥലമാറ്റം നൽകേണ്ടതാണ്.

ടി ജീവനക്കാരെ യഥാസമയം വിടുതൽ ചെയ്യേണ്ടതും പ്രസ്തുത ജീവനക്കാര് തസ്തികമാറ്റനിയമനം ലഭിച്ച തസ്തികയിൽ ബന്ധപ്പെട്ട നിയമനാധികാരി മുമ്പാകെ ജോലിയിൽ പ്രവേശിക്കാൻ ഹാജരാകേണ്ടതുമാണ്.

ടി ജീവനക്കാർ വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

Signed by
Nipun Joseph
Date: 14-08-2024 16:06:44

SENIOR ADMINISTRATIVE OFFICER

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :

1. ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, ഇടുക്കി, വയനാട്, പാലക്കാട്
2. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
3. ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ എന്നിവരുടെ സി.എ
4. ഗ്രഡേഷൻ സെൽ / വിജിലൻസ്
5. ഫയൽ / കരുതൽ ഫയൽ